"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇബ്രാഹിംകുട്ടി പി.-ക്ക് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

G.O.(Rt)No.2382/2020/LSGD തീയതി, തിരുവനന്തപുരം, 22/12/2020

പരാമർശം:- 1 സ. ഉ. (പി) നം.536/2012(116)/ധന തീയതി 29.09.2012.

2 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.12.2016 ലെ ഇ1/9325/2015/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3 ശ്രീ. ഇബ്രാഹിംകുട്ടി പി.-യുടെ 22.06.2020-ലെ നിവേദനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇബ്രാഹിംകുട്ടി. പി-ക്ക് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം 01.02.2011 പൂർവ്വാഹം മുതൽ അനുവദിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

21.06.1993 പൂർവ്വാഹനത്തിൽ അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. ഇബ്രാഹിംകുട്ടി പി. 01.11.2009-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല. എന്നാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചില്ല. ഇപ്പോൾ, ടിയാനെതിരെ നിലനിന്നിരുന്ന അച്ചടക്ക നടപടികൾ സ. ഉ. (സാധാ) നം.2418/2018/തസ്വഭവ തീയതി 14.09.2018, സ. ഉ. (സാധാ) നം.1912/2017/തസ്വഭവ തീയതി 09.06.2017, സ. ഉ. (സാധാ) നം.656/2020/തസ്വഭവ തീയതി 17.03.2020. എന്നീ ഉത്തരവുകൾ പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇബ്രാഹിംകുട്ടി പി.-ക്ക് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം 01.02.2011 തീയതി പ്രാബല്യത്തിൽ 36140-49740/- രൂപ ശമ്പള സ്കെയിലിൽ, കെ. എസ്. ആർ ഭാഗം. I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :

1. ശ്രീ. ഇബ്രാഹിംകുട്ടി പി., അസി. എക്സി. എഞ്ചിനീയർ (റിട്ട) *(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ